**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2605** **24-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം, കാസർകോട്, ഇടുക്കി ജില്ലകളിലെ വൈദ്യുതി ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതിക്ഷാമം രൂക്ഷമായ മലപ്പുറം, കാസർഗോഡ് ഇടുക്കി ജില്ലകളിൽ പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | വൈദ്യുതി ക്ഷാമം രൂക്ഷമായ കാസറഗോഡ്, മലപ്പുറം, ഇടുക്കി എന്നീ ജില്ലകൾക്കുവേണ്ടി സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>മലപ്പുറം ജില്ലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി, പ്രസരണ മേഖലയിൽ ഇപ്പോൾ പുരോഗമിച്ചു കൊണ്ടിരിക്കുന്ന പദ്ധതികൾ കൂടാതെ 2030-നുള്ളിൽ നടപ്പിൽ വരുത്തേണ്ടതായ പുതിയ പദ്ധതികൾ കൂടി ഉൾപ്പെടുത്തി ഒരു പാക്കേജ് തയാറാക്കിയിട്ടുണ്ട്. ഇതിന്റെ അനുമതിക്കായുള്ള നടപടികൾ പുരോഗമിക്കുന്നു. കാസർകോട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ വിതരണ മേഖലയിൽ പ്രത്യേക പാക്കേജുകൾ തയ്യാറാക്കി റഗുലേറ്ററി കമ്മിഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജില്ലകളിൽ പുതിയ സബ് സ്റ്റേഷനുകൾ, ട്രാൻസ്ഫോമറുകൾ, വൈദ്യുത ലൈനുകളുടെ വിപുലീകരണം എന്നിവയ്ക്ക് തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | മലപ്പുറം കാസർഗോഡ് ഇടുക്കി എന്നീ ജില്ലകളിൽ RDSS പദ്ധതിയുടെ കീഴിലുള്ള വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികളിൽ വൈദ്യുത ലൈനുകളുടെ വിപുലീകരണവും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, നിലവിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികളും ഉൾപ്പെടുത്തുകയും അതിനു കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുകയും ചെയ്തു. അതിനായുള്ള തുക വകയിരുത്തിയിട്ടുണ്ട്. പുതിയ 11 kV വൈദ്യുത ലൈനുകളുടെ നിർമ്മാണം, നിലവിലുള്ള 33 kV/11 kV ലൈനുകളുടെ കണ്ടക്ടർ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. ഇതിൽ വർക്ക് അവാർഡ് ചെയ്യാൻ സാധിച്ച പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മറ്റുള്ളവയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.<br><br>പ്രസ്തുത പ്രവൃത്തികൾക്കൊപ്പം പുതിയ സബ്സ്റ്റേഷൻ, ലൈനുകൾ, ട്രാൻസ്ഫോർമറുകൾ എന്നീ വൈദ്യുത മേഖലയിലെ നവീകരണ പ്രവൃത്തികളടങ്ങുന്ന മോഡണൈസേഷൻ |

ഡി.പി.ആർ കേന്ദ്ര ഊർജമന്ത്രാലയത്തിൽ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

**<u>കാസറഗോഡ് ജില്ല</u>** - വിതരണ വിഭാഗത്തിൽ നിന്ന് വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള 394.15 കോടി രൂപയുടെ DPR റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള 11 കെ.വി ഓവർഹെഡ് ലൈനുകൾക്ക് പകരം ഭൂഗർഭ കേബിൾ സ്ഥാപിക്കൽ, ABC ലൈൻ വലിയ്ക്കൽ, പുതിയ 11 കെ.വി ലൈനുകൾ വലിക്കുന്നതിനും ഓവർലോഡായ ട്രാൻസ്ഫോർമറുകൾ ഉള്ള സ്ഥലങ്ങളിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും, ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നിലവിലുള്ള എൽ.ടി. ലൈനുകൾക്ക് പകരം ABC ലൈനുകൾ ഇടുന്നതിനും, സിംഗിൾ ഫേസ് എൽ.ടി. ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റുന്നതിനുള്ള ജോലികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിലേക്കായി താഴെ പറയുന്ന തുക വകയിരിത്തിയിട്ടുണ്ട്.

| **2024-25** | **2025-26** | **2026-27** | **ആകെ** |
|---|---|---|---|
| 144.65 Crore | 147.76 Crore | 101.74 Crore | 394.15 Crore |

പ്രസ്തുത പ്രവൃത്തികളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

a)പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കലും ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കലും - 348 എണ്ണം

b) എച്ച് ടി ലൈൻ നിർമ്മാണം - 850.81 കി.മി.

c) എൽ ടി ലൈൻ നിർമ്മാണം - 2026.74 കിമി.

d) സിംഗിൾ ഫേസ് 3 ഫേസ് ആക്കി മാറ്റുന്നത് – 339.77 കിമി.

**<u>ഇടുക്കി ജില്ല</u>**

ഇടുക്കി ജില്ലയിൽസ്പെഷ്യൽ പാക്കേജ് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികൾ കണ്ടെത്തി റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതിന്റെ സംക്ഷിപ്ത രൂപം താഴെ പറയും പ്രകാരമാണ്.

വിതരണ ട്രാൻസ്ഫോർമറുകൾ : വരുന്ന മൂന്ന് സാമ്പത്തിക വർഷത്തേക്കുമായി ആകെ 235 എണ്ണം

വിതരണ ലൈനുകളുടെ വിപുലീകരണം: വരുന്ന മൂന്ന് സാമ്പത്തിക വർഷത്തേക്കുമായി ആകെ 1342.43 കി.മീ (HT = 609.31 കി.മീ & LT = 733.12 കി.മീ).

ഇതിലേക്കായി താഴെ പറയുന്ന തുക വകയിരിത്തിയിട്ടുണ്ട്.

| 2024-25 | 2025-26 | 2026-27 | ആകെ |
|---|---|---|---|
| 133.99 Crore | 51.4 Crore | 32.551 Crore | 217.941 Crore |

ലപ്പുറം ജില്ല - മലപ്പുറം ജില്ലയിൽ സ്പെഷൽ പാക്കേജിൽ ഉൾപ്പെടുത്തി മഞ്ചേരി, തിരൂർ, നിലമ്പൂർ സർക്കിളുകളിലായി ഉള്ള പ്രവൃത്തികൾ :

1. പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കലും ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കലും - 1314 എണ്ണം

2. എച്ച് ടി ലൈൻ നിർമ്മാണം - 769.59 കിമീ.

3.എൽ ടി ലൈൻ നിർമ്മാണം - 1511.62 കിമീ.

ഇതിലേക്കായി താഴെ പറയുന്ന തുക വകയിരുത്തിയിട്ടുണ്ട്.

| | 2024-25 | 2025-26 | 2026-27 | ആകെ |
|---|---|---|---|---|
| തിരൂർ | 103.42 Crore | 88.97 Crore | 65.13 Crore | 257.52 Crore |
| മഞ്ചേരി | 76.52 Crore | 36.71 Crore | ------ | 113.23 Crore |
| നിലമ്പൂർ | 23.74 Crore | 16.44 Crore | ------ | 40.18 Crore |
| | | | | 410.93 Crore |

പ്രസരണ വിഭാഗത്തിൽ മലപ്പുറം, കാസർകോട്, ഇടുക്കി ജില്ലകളിൽ താഴെ പറയുന്ന സബ്സ്റ്റേഷനുകളുടേയും അനുബന്ധ ലൈനുകളുടേയും നിർമ്മാണത്തിനും, കൂടാതെ നിലവിലുള്ള ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ വിവിധ പ്രവൃത്തികൾക്കുമായി 1115 കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനായി 2024-25 സാമ്പത്തിക വർഷത്തിൽ ഏകദേശം 82 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>മലപ്പുറം ജില്ല</u>

- 220 കെ.വി. സബ്സ്റ്റേഷൻ, വെങ്ങല്ലൂർ (തിരൂർ)
- 110 കെ.വി. സബ്സ്റ്റേഷൻ, തിരുവാലി
- 110 കെ.വി. സബ്സ്റ്റേഷൻ, കാടാമ്പുഴ
- 110 കെ.വി. സബ്സ്റ്റേഷൻ, വേങ്ങര
- 33 കെ.വി. സബ്സ്റ്റേഷൻ, കുന്നുംപുറം
- 33 കെ.വി. സബ്സ്റ്റേഷൻ, വെണ്ണിയൂർ

| | | | |
|---|---|---|---|
| | | | • 33 കെ.വി. സബ്സ്റ്റേഷൻ, INKEL<br><br><u>കാസർകോട് ജില്ല</u><br><br>• 110 കെ.വി. സബ്സ്റ്റേഷൻ, കുറ്റിക്കോൽ<br>• 110 കെ.വി. സബ്സ്റ്റേഷൻ, നീലേശ്വരം (33കെ.വി. യിൽ നിന്ന് ശേഷി വർദ്ധിപ്പിക്കൽ)<br><br><u>ഇടുക്കി ജില്ല</u><br><br>• 220 കെ.വി. സബ്സ്റ്റേഷൻ, നിർമ്മലാ സിറ്റി<br>• 110 കെ.വി. സബ്സ്റ്റേഷൻ, പുഷ്പകണ്ടം<br>• 110 കെ.വി. സബ്സ്റ്റേഷൻ, മുരിക്കാശ്ശേരി |

സെക്ഷൻ ഓഫീസർ